ഹദീസ്


ശറഫുദ്ദീൻ അബ്ദുല്ല

sharafudheen1957@gmail.com


# അസൂയ വരുത്തിവെക്കുന്ന വിനകൾ

عَنّ زُبير بن العوّام ( ر ) قال، قَالَ رَسُولُ اللّه (ص) دَبَّ اِلَيكُم دَاءُ الأُمَمِ قَبلَكُم الحَسَدُ وَ البَغضَاءُ هِيَ الحَالِقَةُ لاَ أَقُولُ تَحلِقُ الشَّعرَ وَلَكِن تَحلِقُ الدِّينَ ، والَّذي نَفسِى بِيَدِهِ لَا تَدخُلُوا الجَنَّةَ حَتَّى تُؤمِنُوا ولاَ تُؤمِنُوا حَتّى تَحَابُّوا أَفَلاَ أُنبِّؤُكُم بِمَايُثبِّتُ ذَاكُم لَكُم أَفشُوا السَّلَامَ بَينَكُم (سنن التّرمذى رقم 2434 وقال الألبانى حسن)

**സുബൈറുബ്നിൽ അവ്വാമി(റ)ൽനിന്ന്. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: 'നിങ്ങൾക്ക് മുമ്പുള്ള സമുദായങ്ങൾക്ക് ബാധിച്ച രോഗം നിങ്ങളിലും വ്യാപിക്കും. അസൂയയും വിദ്വേഷവുമാണത്. അത് മുറിച്ചുകളയുന്നതാണ്, മുടി മുറിക്കുന്നതിനെ കുറിച്ചല്ല പറയുന്നത്. മറിച്ച് ദീനിനെ തന്നെ മുറിച്ചുകളയുന്നതിനെ പറ്റിയാണ്. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനെ കൊണ്ട് സത്യം, വിശ്വാസികളാകുവോളം നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല, പരസ്പരം സ്നേഹിക്കുവോളം നിങ്ങൾ വിശ്വാസികളാവുകയുമില്ല. അത് (പരസ്പര സ്നേഹം) ദൃഢീകരിക്കുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പറയൽ വ്യാപകമാക്കുക'** (സുനനുത്തിർമിദി: 2434, ഈ ഹദീസ് 'ഹസൻ' ആണെന്ന് അൽബാനി).

വ്യക്തികളിലും കുടുംബങ്ങളിലും മത-രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പാർട്ടികളിലുമൊക്കെ സാധാരണയായി കണ്ടുവരുന്ന പ്രവണതയാണ് അസൂയയും പകയും വിദ്വേഷവും. സാമൂഹിക പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്ന ദുഃസ്വഭാവങ്ങളാണവ. അതുകൊണ്ടാണ് നബി (സ) ഹദീസിൽ അതിനെ حالقة (മുറിച്ചുകളയുന്ന കത്തി) എന്ന് വിശേഷിപ്പിച്ചത്.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ആദ്യമായി അസൂയക്ക് അടിപ്പെട്ടത് ഇബ്ലീസായിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട് (17/61, 38/76).

മലക്കുകൾ പോലും സാഷ്ടാംഗം നമിച്ച മനുഷ്യനോടുള്ള അസൂയയായിരുന്നു, ആദമിന് സാഷ്ടാംഗം ചെയ്യുന്നതിൽനിന്ന് ഇബ്ലീസിനെ തടഞ്ഞത്. ഈ കാരണം കൊണ്ട് തന്നെ അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും അവൻ പാത്രമായി. മാത്രവുമല്ല, സ്വർഗത്തിൽനിന്ന് ആട്ടിപ്പുറത്താക്കപ്പെടുകയും ചെയ്തു.

അസൂയയുടെ മറ്റൊരു ഉദാഹരണമായി ആദമിന്റെ രണ്ട് മക്കളുടെ സംഭവകഥ ഖുർആനിൽ അവതരിപ്പിക്കുന്നുണ്ട് (5/27, 2/159).

മക്കയിലെ മുശ്രിക്കുകൾ സത്യദീനിനെ നിഷേധിക്കാൻ കാരണം, നബി(സ)യോടുള്ള അസൂയ ആയിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

'ഈ ഖുർആൻ രണ്ട് നാടുകളിലുള്ള (മക്കയിലോ ത്വാഇഫിലോ) ഏതെങ്കിലും മഹാനായ മനുഷ്യന് എന്തുകൊണ്ട് അവതരിപ്പിച്ചില്ല?'

സാധുവായ ഈ മുഹമ്മദിനാണോ ഇത് അവതരിപ്പിക്കേണ്ടത് എന്ന് വ്യംഗ്യം.

മറ്റുള്ളവർക്ക് നൽകപ്പെട്ട ജീവിത വിഭവങ്ങളിൽ അസൂയപ്പെടരുതെന്ന് അല്ലാഹു വിശ്വാസികളോട് കൽപിക്കുന്നു: ''വിവിധ വിഭാഗങ്ങൾക്ക് നാം നൽകിയ ഭൗതിക വിഭവങ്ങളിൽ നീ കണ്ണ് വെക്കേണ്ടതില്ല, അസൂയപ്പെടേണ്ടതില്ല, അവരെ ഓർത്ത് നീ ദുഃഖിക്കേണ്ടതുമില്ല. വിശ്വാസികളോട് നീ കാരുണ്യത്തോടെ വർത്തിക്കുക.''

അസൂയയും വിദ്വേഷവുമില്ലാതിരിക്കാൻ സത്യവിശ്വാസികൾ പരസ്പരം പ്രാർഥിക്കണമെന്നാണ് ഖുർആൻ അനുശാസിക്കുന്നത്:

''ഞങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശാസികളോട് പകയും വിദ്വേഷവും ഉണ്ടാക്കരുതേ! നീ കൃപാലുവും കരുണാവാരിധിയുമാണല്ലോ രക്ഷിതാവേ!'' (59/10).

നബി (സ) പറഞ്ഞു. 'രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ പാടില്ല; അല്ലാഹു ഒരാളെ ഖുർആൻ പഠിപ്പിക്കുന്നു, അയാളത് രാവും പകലും പാരായണം ചെയ്യുന്നു, ഇത് കേൾക്കുന്ന അയൽവാസി പറയുകയാണ്, അദ്ദേഹത്തിന് ആ കഴിവ് ലഭിച്ചതു പോലെ എനിക്കും ലഭിച്ചിരുന്നെങ്കിൽ ഞാനും അതേ പോലെത്തന്നെ ചെയ്യുമായിരുന്നു.

ഇനി, മറ്റൊരാൾക്ക് അല്ലാഹു ധനം നൽകി. അയാളത് സത്യത്തിന്റെ മാർഗത്തിൽ അർഹമായ രീതിയിൽ മാത്രം ചെലവഴിക്കുന്നു. ഇതു കണ്ട ഒരാൾ പറയുകയാണ്, അദ്ദേഹത്തിന് നൽകപ്പെട്ടതുപോലെ എനിക്കും ധനം ലഭിച്ചിരുന്നെങ്കിൽ അതേ പോലെ തന്നെ ഞാനും ചെയ്യുമായിരുന്നു.'

അസൂയക്കാരിൽനിന്ന് (അവരുടെ ദോഷത്തിൽനിന്ന്) രക്ഷപ്പെടാനായി അല്ലാഹു അവതരിപ്പിച്ച അധ്യായമാണ് *ഫലഖ്.* അതിന്റെ അവസാന സൂക്തത്തിൽ പറയുന്നു: 'അസൂയാലു അസൂയപ്പെടുമ്പോൾ അതിന്റെ തിന്മയിൽനിന്നും ദോഷങ്ങളിൽനിന്നും ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു.'

ഒരാൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ അയാൾക്ക് നഷ്ടപ്പെടണമെന്നും അവ തനിക്ക് ലഭിക്കണമെന്നുമുള്ള ചിന്തയാണ് അസൂയക്ക് ഹേതു. അതുപോലെ ഒരാൾക്ക് ലഭിച്ച നേട്ടങ്ങൾ അയാൾക്ക് ഇല്ലാതാകണം എന്ന ചിന്തയും അസൂയ തന്നെ.

നേരെമറിച്ച് ഒരാൾക്ക് ലഭിച്ചതുപോലുള്ള നേട്ടങ്ങൾ തനിക്കും ലഭിക്കണമെന്ന ചിന്ത അസൂയയിൽ പെടുന്നില്ല. അസൂയക്കാരന്റെ ഉപദ്രവങ്ങളിൽനിന്ന് രക്ഷ പ്രാപിക്കാൻ ആദ്യമായി ചെയ്യേണ്ടത് അല്ലാഹുവിൽ ശരണം തേടുകയും അവനോട് പ്രാർഥിക്കുകയുമാണ്. തനിക്ക് എന്തെങ്കിലും ക്ഷതമേൽപിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും കഴിയില്ല എന്ന് ഉറച്ചു വിശ്വസിക്കുക.

ഒപ്പം അസൂയാലുവിന്റെ വർത്തമാനങ്ങളും പരിഹാസങ്ങളും ക്ഷമിക്കുക. മോശമായി പ്രതികരിച്ചുകൊണ്ട് അവന്റെ നിലവാരത്തിലേക്ക് താഴാതിരിക്കുക. അസൂയാലുവിനെ കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കുക. അവന് തനിക്ക് ഒരു ദോഷവും ഉപദ്രവവും വരുത്തിവെക്കാൻ കഴിയില്ല എന്ന് ഉറച്ചു വിശ്വസിക്കുക..